മേൽപ്പറഞ്ഞവരിൽ ശ്രീ.പി.എം.ഐബ്രഹാം (ഐ.എ.എസ് റിട്ട.) പഴയ സ്വകാര്യ ക്ലബ്ബിന്റെ പ്രസിഡന്റും ശ്രീ. രഘുചന്ദ്രൻ നായർ, സെക്രട്ടറി, സായി തിരുവനന്തപുരം ഗോൾഫ് ക്ലബ് എന്ന സ്വകാര്യ ക്ലബ്ബിന്റെ സെക്രട്ടറിയുമാണ്.

റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിലെ കടിശ്ശിക

165(3087) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകളുടേയും എടുപ്പുകളുടേയും അടിയന്തര പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവർത്തികൾക്കായി എത്ര കോടി രൂപ കടിശ്ശികയിനത്തിൽ നാളിതുവരെ നൽകാനുണ്ടെന്നതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ഈ ഇനത്തിലുള്ള കടിശ്ശിക എത്രയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവർത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ ലഭ്യതയനുസരിച്ചും മുൻഗണനാക്രമത്തിൽ തുക അനുവദിച്ചുവരുന്നു.

ചേർത്തല മനോരമക്കവല വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടി

166(T3088) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മനോരമക്കവല വികസനം സംബന്ധിച്ച സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി ആലപ്പുഴ ജില്ലാ കളക്ടർ കച്ചവടക്കാരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നോ ; എങ്കിൽ എന്നായിരുന്നു ആ യോഗം ; യോഗത്തിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly